**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4208** **06-03-2023 - ൽ മറുപടിയ്ക്ക്**

**സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതത്തിൽ കാലാകാലങ്ങളായി കുറവുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനങ്ങൾക്ക് വീതംവെച്ച് നൽകേണ്ട ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. |
| (ബി) | ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്ന് ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുവാനും കമ്പോളം ചലനാത്മകമാക്കുവാനും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകൾ സഹായിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26361.726 കോടി രൂപയുടെ ഒന്നാം ഉത്തേജക പാക്കേജും 20000 കോടി രൂപയുടെ രണ്ടാം ഉത്തേജക പാക്കേജും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പാക്കേജുകളുടെ ഫലമായി സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതും അത്തരത്തിലുള്ള നടപടികളുടെ സമയബന്ധിതമായ നടത്തിപ്പിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും ചലനാത്മകമാക്കുവാനും സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം സമ്പദ് വ്യവസ്ഥ 12.01 ശതമാനം വളർച്ച നേടിയത് ആയതിന്റെ ദൃഷ്ടാന്തമാണ്. |

സെക്ഷൻ ഓഫീസർ